**ക്ലസ്റ്റർ ക്വാറന്റൈൻ, കണ്ടെയ്ൻ മെന്റ് സോണായി പ്രഖ്യാപിച്ചു**

ആലപ്പുഴ: ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ ചെറുതന പഞ്ചായത്തിൽ 3 ാം വാർഡിൽ പാണ്ടി ആനാരി റെസിഡൻഷ്യൽ പരിധിയിലുള്ള നിശ്ചിത പ്രദേശം ക്ലസ്റ്റർ ക്വാറന്റൈൻ, കണ്ടെയ്ൻ മെന്റ് സോണായി പ്രഖ്യാപിച്ച് ജില്ല കളക്ടർ ഉത്തരവായി. പാണ്ടി ആനാരി റെസിഡൻഷ്യൽ പരിധിയിലുള്ള സ്ത്രീയ്ക്കും അവരുടെ മകൾക്കും കോവിഡ് 19 രോഗ ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. രോഗബാധിതർ കായംകുളം നഗരസഭയിൽ കോവിഡ് 19 രോഗബാധ സ്ഥിരീകരിച്ചിട്ടുള്ള വ്യക്തികളുടെ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരാണ്. ഈ സാഹചര്യത്തിലാണ് രോഗവ്യാപന സാധ്യത തടയുന്നതിനായി ചെറുതന പഞ്ചായത്തിലെ 3 ാം വാർഡ് പാണ്ടി ആനാരി റസിഡൻഷ്യൽ ഏരിയ കണ്ടെയ്ന്റ്മെന്റ് സോണായി പ്രഖ്യാപിച്ച് ജില്ല കളക്ടർ എ.അലക്്സാണ്ടർ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. കണ്ടെയ്്ൻമെന്റ്റ് സോണിൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശത്ത് വിലക്കുകൾ ലംഘിക്കുന്നവർക്കെതിരെ ഐ.പി.സി സെക്ഷൻ 188,269 എന്നീ വകുപ്പുകൾ പ്രകാരവും ദുരന്ത നിവാരണ പ്രകാരവും നിയമ നടപടികൾ സ്വീകരിക്കും. കണ്ടെയിൻമെന്റ് സോണിൽ നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നതിന് കാർത്തികപ്പള്ളി തഹസിൽദാരെ ചുമതലപ്പെടുത്തി.

**'കോവിഡ് -19 ഒരു ധൂമകേതു': ബോധവത്കരണവുമായി യുവ കൂട്ടായ്മയുടെ വീഡിയോ ആൽബം**

ആലപ്പുഴ: കൊറോണ പ്രതിരോധ-നിയന്ത്രണ ബോധവത്കരണവുമായി യുവാക്കളുടെ കൂട്ടായ്മയുടെ വീഡിയോ ആൽബം. കോവിഡ് -19 ഒരു ധൂമകേതു എന്നു പേരിട്ട ആൽബത്തിന്റെ പ്രകാശനം ജില്ലാ കളക്ടർ എ.അലക്സാണ്ടര് കളക്ടറുടെ ചേംബറിൽ നിർവ്വഹിച്ചു. എഡിഎം വി. ഹരികുമാർ, ജില്ല മെഡിക്കല് ഓഫീസര് എൽ അനിത കുമാരി, ശിരസ്തദാർ ഒ.ജെ. ബേബി എന്നിവർ സന്നിഹിതരായി.

മംഗലം ശിവൻ രചിച്ച് ബിസ്സി ഹരിദാസ് സംവിധാനം ചെയ്ത സമൂഹ ഗാന ആൽബത്തിൽ അഷ്ന,ഐസക്ക്,സ്മിത എന്നിവരാണ് ഗായകർ. സ്വന്തം നിലയ്ക്ക് സ്വമേധയാ ഒരുക്കിയ ആൽബം കോവിഡ് മഹാമാരിയുടെ പ്രതിരോധ-നിയന്ത്രണത്തിൽ ഫലപ്രദമായ ആശയ പ്രചാരണത്തിന് ഉപകരിക്കുമെന്ന് യുവ കൂട്ടായ്മ പ്രത്യാശിച്ചു.